# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2863

20.07.2011 ൽ മറുപടിക്ക്

## സംസ്ഥാനത്ത് അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) 2001-2006 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുണ്ടായി ; അവ ഏതെല്ലാം ; അടച്ചുപൂട്ടാനുണ്ടായ കാരണം വ്യക്തമാക്കുമോ ; | (എ) 2001-06 കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാർ ഉത്തരവുപ്രകാരവും, BIFR തീരുമാനപ്രകാരവും പ്രവർത്തനം നിർത്തലാക്കിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു. |

1. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്
2. കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, ചേർത്തല
3. മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
4. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തിരുവനന്തപുരം (BIFR തീരുമാനപ്രകാരം)
5. കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, തൃശൂർ (BIFR തീരുമാനപ്രകാരം)
6. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്,

മേൽപ്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലും ഉൽപ്പാദന പ്രവർത്തനങ്ങൾ നിലച്ചിരുന്നു.

1. അസ്ട്രാൾ വാച്ചസ് ലിമിറ്റഡ്
2. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
3. കേരള സ്റ്റേറ്റ് ഡിറ്റർജെന്റ്സ് & കെമിക്കൽസ് ലിമിറ്റഡ്.
4. കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്.
5. ദി ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്.
6. ദി മന്നം ഷുഗർ മിൽസ് കോ- ഓപ്പറേറ്റീവ് ലിമിറ്റഡ്
7. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

വിപണിയിൽ നിന്നു നേരിടുന്ന നിയന്ത്രണവിധേയമല്ലാത്ത മത്സരങ്ങൾ, പുതിയ സാങ്കേതികവിദ്യയുടെ അഭാവം, കാലഹരണപ്പെട്ട ഉല്പന്നങ്ങൾ, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം എന്നിവ കാരണങ്ങളാലാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും തകർച്ച നേരിട്ടത്.

(ബി) 2006-2011 കാലത്ത് പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്ര എണ്ണം തുറന്ന് പ്രവർത്തിപ്പിച്ചു; അവ ഏതെല്ലാം ;

(ബി) മൂന്ന് എണ്ണം

1. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് ലിമിറ്റഡ്
2. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഓപ്പൺ എന്റ് സ്പിന്നിംഗ് മിൽ ആരംഭിച്ചു.
3. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് കെ.എസ്.ഐ.ഇ. യുടെ കീഴിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.

(സി) 2011 ഏപ്രിൽ മാസം 30-ാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ ?

(സി) 2011 ഏപ്രിൽ മാസത്തിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

| ക്രമ നം. | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് |
| 2 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ -കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് |
| 5 | കേരള ക്ലേയിസ് & സിറാമിക് പ്രോഡക്റ്റ്സ് ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 7 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 8 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| 9 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 10 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 11 | കെൽപാം |

സെക്ഷൻ ഓഫീസർ